# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## ഫാ.ടോം ഉഴുന്നാലിലിന്റെ മോചനം: ക്യാംപെയിന് പിന്തുണയുമായി കൂടുതൽ സംഘടനകൾ




കൽപ്പറ്റ: യെമനിലെ ഏഡനിൽ ഭീകരർ തട്ടികൊണ്ട് പോയ ഫാ. ടോം ഉഴുന്നാലിലിനെ മോചിപ്പിക്കുന്നതിന് യുഎൻ മനുഷ്യാവകാശ കമ്മീഷൻ ഇടപെടണമെന്നാവശ്യപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ 'പ്രവാചക ശബ്ദം' നടത്തുന്ന ക്യാംപെയിന് പിന്തുണയുമായി കൂടുതൽ സംഘടനകൾ. സർക്കാരിന്റെ പ്രവർത്തനങ്ങൾ വിജയം കാണാത്ത സാഹചര്യത്തിലാണ് യുഎൻ ഇടപെടൽ ആവശ്യപ്പെട്ട് 4 ആഴ്ചകൾക്ക് മുൻപ് 'പ്രവാചക ശബ്ദം' ക്യാമ്പയിൻ ആരംഭിച്ചത്. ഇതിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നിരവധി സംഘടനകളും സോഷ്യൽ മീഡിയ ഗ്രൂപ്പുകളും രംഗത്തു വന്നിരുന്നു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വൻ ഒപ്പുശേഖരണം നടത്തുന്നു.

ജില്ലയിലെ ക്രൈസ്തവ ദേവാലയങ്ങൾ കേന്ദ്രീകരിച്ച് പ്രാർഥനാ ദിനമായി ആചരിക്കാനും ഒപ്പുശേഖരണം നടത്താനുമാണ് ജില്ലാ കമ്മിറ്റി തീരുമാനം. ഇടവക വികാരിമാരും സിസിഎഫ് ഭാരവാഹികളും ഒപ്പു ശേഖരണത്തിനും ഭീമഹർജി തയാറാക്കുന്നതിനും ഇടവകകളിൽ നേതൃത്വം നൽകും. ജില്ലയിലെ ഇടവകകളിൽ നിന്നും ശേഖരിക്കുന്ന ഭീമാ ഹർജികൾ മുഖ്യമന്ത്രി വഴിയാണ് യുഎന്നിനു സമർപ്പിക്കുന്നത്.

ഫാദർ ടോമിനെ മോചിപ്പിക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് യുഎൻ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനും ഇന്ത്യൻ പ്രസിഡന്റിനും നിവേദനം സമർപ്പിക്കാൻ മുൻകൈ എടുത്ത 'പ്രവാചക ശബ്ദത്തിന്റെ' ദൗത്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഈ ഭീമഹർജി തയാറാക്കാൻ പദ്ധതിയിട്ടതെന്ന് ക്രിസ്ത്യൻ കൽച്ചറൽ ഫോറത്തിന്റെ ജില്ലാ ചെയർമാൻ സാലു എബ്രഹാം മേച്ചേരിൽ പറഞ്ഞു. വരും ദിവസങ്ങളിൽ ഈ ഓൺലൈൻ പെറ്റീഷൻ അനേകരിലേക്ക് എത്തിക്കുവാനും പദ്ധതി തയാറാക്കുമെന്ന് സാലു ഏബ്രഹാം കൂട്ടിചേർത്തു

കേവലം 4 ആഴ്ചകൾ മുൻപ് ആരംഭിച്ച ഈ ക്യാംപെയിനിൽ 5600ൽ അധികം പെറ്റീഷൻ ഇതുവരെ ഫയൽ ചെയ്തിട്ടുണ്ട്. ഫാ.ടോമിന്റെ മോചനത്തിനായി അന്താരാഷ്ട്ര തലത്തിൽ

നിന്നും പോലും പെറ്റീഷൻ ശെഴി ചെയ്യാൻ പലരും തയറാകുന്നുവെന്നത് ശ്രദ്ധേയമാണ്.

ഫാദർ ടോമിനെ മോചിപ്പിക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് യുഎൻ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനും ഇന്ത്യൻ പ്രസിഡന്റിനും സമർപ്പിക്കുന്ന നിവേദനത്തിൽ sign ചെയ്യുവാനായി താഴെ ക്ലിക്ക് ചെയ്യുക

https://www.change.org/p/save-fr-tom-uzhunnalil

കടപ്പാട്: pravachakasabdam.com